

# വലിയപറമ്പ ഗ്രാമപഞ്ചായത്ത്

# BUDGET
## 2026-27

# വലിയപറമ്പ ഗ്രാമ പഞ്ചായത്ത്

## വാർഷിക ബജറ്റ്

## 2026-27

# വലിയപറമ്പ ഗ്രാമപഞ്ചായത്ത്
# വാർഷിക ബജറ്റ് – 2026–27

**ആമുഖം**

വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2026–27 വാർഷിക ബഡ്ജറ്റ് യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു. പുതുതായി നിലവിൽ വന്ന ഭരണ സമിതിയുടെ ആദ്യ ബഡ്ജറ്റ് യോഗമാണ് ഇത്. 14–ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷ വാർഷിക ബജറ്റ് കൂടിയാണ് ഇത്. 1995ൽ നടപ്പിൽ വന്ന പഞ്ചായത്തീരാജ് നിയമത്തിലൂടെ അധികാര വികേന്ദ്രീകരണം താഴെതട്ടിൽ നിന്നും എന്ന മഹാത്മഗാന്ധി വിഭാവനം ചെയ്ത "ഗ്രാമസ്വരാജ്" എന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന് വേണ്ടിയാണ് പഞ്ചവത്സരപദ്ധതികൾ നാം രൂപീകരിക്കുന്നത്. ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ രാഷ്ട്രീയ വീക്ഷണങ്ങളുടെയും ജനാധിപത്യ നിയമങ്ങളുടെയും കൂടിച്ചേരലിൽ നിന്നും അധികാര വികേന്ദ്രീകരണങ്ങളിലൂടെ വർക്കിങ്ങ് ഗ്രൂപ്പുകളും ഗ്രാമസഭകളും കൂടിച്ചേർന്ന് താഴെതട്ടിൽ നിന്നും ഉരുത്തിരിഞ്ഞ് വരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമാണ് നമ്മുടെ വാർഷിക പദ്ധതികൾ. തനത് വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെയില്ലാത്ത ഉള്ളവ തന്നെ ദൈനംദിന ചിലവുകൾക്ക് പോലും തികയാതെ നിൽക്കുന്ന നമ്മളെ പോലെയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഉള്ള ഒരു അനുഗ്രഹമാണ് സംസ്ഥാന ഗവൺമെന്റിന്റെ ബജറ്റിലൂടെ ലഭിക്കുന്ന പദ്ധതി വിഹിതവും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വിവിധ പദ്ധതികളും.

സംസ്ഥാന ഗവൺമെന്റ് ജനസംഖ്യാനുപാതികമായും വികസനരംഗത്തുള്ള

വിടവുകളും അടിസ്ഥാനമാക്കിയാണ് ബജറ്റിൽ ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി തുക നീക്കി വെക്കുന്നത്. എന്നാൽ പുതിയ ഭരണസമിതി നിലവിൽ വന്നു എന്ന ഒറ്റ കാരണം കൊണ്ട് മാത്രം ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കഴിഞ്ഞ വർഷങ്ങളിലെ ബജറ്റ് തുകയുടെ 60ശതമാനത്തിലധികം  തുക കരുതിക്കൂട്ടി ഒഴിവാക്കിയിരിക്കുകയാണ്. നിലവിലുള്ള തുക കൊണ്ട് തന്നെ ആവശ്യമായ വികസന പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ നടത്തുവാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുമ്പോൾ ഇതിൽ നിന്നും തന്നെ നിലവിലുള്ള തുകയുടെ പകുതിയിലധികം തുക വെട്ടിക്കുറക്കുക എന്ന് പറഞ്ഞാൽ ഗ്രാമപഞ്ചായത്തിനെ സ്വയം തരംതാഴ്ത്തുക എന്ന് കരുതേണ്ടിയിരിക്കുന്നു.

ഉള്ള വിഭവങ്ങൾ കൊണ്ട് കൃത്യവും കർശനവുമായ നിലപാടിലൂടെ 2026-27 വാർഷിക പദ്ധതി നമുക്ക് രൂപീകരിക്കണം. നിർബന്ധിതമായും നീക്കിവെക്കേണ്ട തുക നീക്കിവെച്ച് കഴിഞ്ഞാൽ ഈ വർഷം പുതിയ പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുക്കുവാനുള്ള പദ്ധതി തുക നമുക്കില്ല. ലൈഫ് ഭവന നിർമ്മാണ പദ്ധതിക്ക്  20 ശതമാനം തുക, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്കുള്ള 5ശതമാനം തുക, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള 5 ശതമാനം തുക, ഉത്പാദന മേഖലയിൽ ഉള്ള 30 ശതമാനം തുക, അംഗൻവാടി ഫീഡിങ്ങ്, എസ്.എസ്.കെ. വിവിധ ആശുപത്രികൾക്കുള്ള മരുന്നുകൾ ഒക്കെ സേവന മേഖലയിൽ പദ്ധതികൾ ഉണ്ടാക്കണം.  ഇത്കൂടി കഴിഞ്ഞാൽ പശ്ചാത്തല വികസനത്തിന് വകയിരുത്തുവാൻ പദ്ധതി തുക ഒന്നും തന്നെയില്ല എന്നതാണ് വസ്തുത.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനം ലക്ഷ്യമാക്കി ദീർഘദൂര കാഴ്ചപ്പാടിലൂടെ ഉള്ള വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനുള്ള നൂതന പദ്ധതികൾ ഉണ്ടാവട്ടെ എന്ന് ആശംസിച്ച് കൊള്ളുന്നു.

**എന്ന്**
**എം.ടി. ബുഷ്‌റ**
**പ്രസിഡണ്ട്**

# വലിയപറമ്പ ഗ്രാമപഞ്ചായത്ത്
# വാർഷിക ബജറ്റ് – 2026–27

**അവതരണം : പി.പി. മനോജ്, വൈസ് പ്രസിഡണ്ട്**
**വലിയപറമ്പ ഗ്രാമപഞ്ചായത്ത്**

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഒരു നാഴിക കല്ലാണ് വരുന്ന വർഷത്തേക്കുള്ള ബജറ്റ് മുൻകൂട്ടി ഉണ്ടാക്കി ഇവതരിപ്പിക്കുക എന്നത്. ഇത് വളരെ ഉൾക്കാഴ്ച യോടും ദീർഘവീക്ഷണത്തോടും കൂടി തയ്യാറാക്കുന്ന പ്രതീക്ഷിത വരവ്-ചി ലവ് കണക്കുകളുടെ ക്രോഡീകരണമായ ബജറ്റ് തദ്ദേശ സ്വയംഭരണസ്ഥാപന ങ്ങളുടെ വരുന്ന സാമ്പത്തിക വർഷത്തേക്കുള്ള വികസന കാഴ്ചപ്പാടിന്റെ അടി സ്ഥാന ഘടകമാണ്. 14-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ 2026-27 വാർഷിക ബജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. അതോടൊപ്പം പുതിയ ഭരണ സമിതി നിലവിൽ വന്നതിന് ശേഷമുള്ള ആദ്യത്തെ ബജറ്റ് കൂടി യാണ്. തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പും പുതിയ ഭരണസമിതിയുടെ രൂപീ കരണവും 2025-26 വർഷത്തെ വാർഷിക പദ്ധതികളുടെ നിർവ്വഹണത്തിൽ വലിയ രീതിയിൽ ബാധിച്ചിട്ടുണ്ട്.

കഴിഞ്ഞ ഭരണസമിതി ഉണ്ടാക്കിയ വാർഷിക പദ്ധതി അതിന്റെ നിർവ്വഹണ ഘട്ടത്തിൽ എത്തുമ്പോൾ സാങ്കേതിക പ്രയാസങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത് പദ്ധതി നിർവ്വഹണ ചിലവുകളെ സാരമായ രീതിയിൽ ബാധിച്ചിട്ടുണ്ട്. ഇതോ ടൊപ്പം നിയമസഭാ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം വരുന്നതിനാൽ 2026-27 വാർഷിക പദ്ധതി രൂപീകരണവും ഇതേ സമയം തന്നെ ചെയ്യേണ്ടിയിരിക്കുന്നു. വാർഷിക പദ്ധതി നിർവ്വഹണവും, പുതിയ വാർഷിക പദ്ധതി രൂപീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരേ സമയം ഉണ്ടാക്കണം.

മുൻ പ്രതീക്ഷിത നീക്കിയിരിപ്പ് ....................................രൂപ അടക്കം ആകെ ............................................രൂപ പ്രതീക്ഷിത വരവും, ആകെ ....................................രൂപ പ്രതീക്ഷിത ചിലവും ഉൾപ്പെടെ.......................................രൂപ നീക്കിയിരിപ്പായും പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് 2026-27 വർഷത്തേക്കായി തയ്യാറാക്കിയിട്ടുള്ളത്.

തനത് വരുമാന മാർഗ്ഗങ്ങൾ വേണ്ടുന്ന രീതിയിൽ ഇല്ലാത്തതും എല്ലാ സബ്ബ് എക്കൗണ്ടുകളും കൂടിച്ചേർന്നാലും ദൈനംദിന ചിലവുകൾ നിറവേറ്റുവാൻ പോലും സാധിക്കാത്ത ഒരു ഗ്രാമപഞ്ചായത്താണ് വലിയപറമ്പ ഗ്രാമപഞ്ചായത്ത്. വികേന്ദ്രീകരണ ആസൂത്രണം താഴെത്തട്ടിലേക്ക് വരികയും, പദ്ധതി ആസൂത്രണം വർക്കിങ്ങ് ഗ്രൂപ്പുകളും ഗ്രാമസഭകളും കൂടി നിർവ്വഹിക്കുകയും ചെയ്യുമ്പോൾ വികസന കാഴ്ചപ്പാടിന്റെ നൂതനമായ മേഖലയിലേക്ക് പദ്ധതി പ്രവർത്തനം നടക്കുന്നു. തനത് വരുമാന ശ്രോതസ്സ് വേണ്ടുന്ന രീതിയിൽ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ആകെയുള്ള വികസന കാഴ്ചപ്പാടുകൾക്കുള്ള ധനം ലഭ്യമാകുന്നത് സംസ്ഥാന ഗവൺമെന്റിന്റെ വാർഷിക ബജറ്റുകളിൽ നീക്കിവെക്കുന്ന തുകകളും കേന്ദ്ര ഗവൺമെന്റിന്റെ വിവിധ മേഖലകളിൽ നിന്നും ലഭിക്കുന്ന തുകയും 16-ാം ധനകാര്യ കമ്മീഷൻ തുകയും ബഹു: എം.പി, എം.എൽ.എ എന്നിവരിൽ നിന്നും ലഭിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുകയുമാണ്.

കഴിഞ്ഞ 2025-26ന്റെ സംസ്ഥാന ഗവൺമെന്റിന്റെ ബജറ്റിൽ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് 4,49,05,000 രൂപയായിരുന്നു. എന്നാൽ 2026-27 വാർഷിക ബജറ്റിൽ വലിയപറമ്പ ഗ്രാമപഞ്ചായത്തിനായി നീക്കി വെച്ച തുക 1,89,62,000 രൂപ മാത്രമാണ്. ഈ ഇനത്തിൽ 2,59,43,000 രൂപയുടെ കുറവാണ്. കേരള സംസ്ഥാന ഗവൺമെന്റ് ബജറ്റിലൂടെ നമ്മുടെ ഗ്രാമപഞ്ചായത്തിന് കുറവ് വരുത്തിയത്. സാധാരണയിൽ ജനസംഖ്യാനുപാതികമായും വികസന പിന്നോക്കാവസ്ഥ കണക്കിലെടുത്തും നൽകേണ്ടുന്ന വികസന ഫണ്ടാണ് പുതിയ ഭരണ സമിതി നിലവിൽ വന്നു എന്നത് കൊണ്ട് മാത്രം കുറവ് വരുത്തിയത്. അനിവാര്യമായ നീക്കിവെക്കലുകൾ കഴിഞ്ഞാൽ പുതിയ പദ്ധതികൾ ഒന്നും തന്നെ ഈ വർഷം നമുക്ക് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയില്ല. വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നും ഗ്രാമസഭകളിൽ നിന്നും, വികസന സെമിനാറിൽ നിന്നും ധാരാളം നൂതന പദ്ധതി നിർദ്ദേശങ്ങൾ നമുക്ക് ലഭിച്ചുവെങ്കിലും സംസ്ഥാന ഗവൺമെന്റ് വികസന ഫണ്ട് വെട്ടിക്കുറച്ചത് കൊണ്ട് ഇവയൊന്നും നടപ്പിലാക്കുവാൻ സാധിക്കില്ല.

## ഉത്പാദന മേഖല

ഒരു ഗ്രാമപഞ്ചായത്തിന്റെ സ്വയം പര്യാപ്തതയുടെ അളവ്കോൽ എന്നത് അവിടത്തെ ഉത്പാദന മേഖലയുടെ വളർച്ചയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉള്ളത് തെങ്ങ് കൃഷിയാണ്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് തെങ്ങ് കൃഷി കർഷകർക്ക്, ജൈവവളം നൽകുന്ന പദ്ധതിയിൽ സബ്സിഡി നിരക്കിൽ വന്ന വലിയ മാറ്റം തെങ്ങ് കൃഷി കർഷകരെ വലിയ രീതിയിൽ ബാധിച്ചിട്ടുണ്ട്. തെങ്ങ് കൃഷി, ജൈവവളം, വാഴക്കന്ന് വിതരണം, ഇടവിള കൃഷി പച്ചക്കറി കൃഷി എന്നിവയും തെങ്ങ് കൃഷി കർഷകർക്ക് പമ്പ്സെറ്റ് വിതരണവും ഈ വർഷത്തെ പദ്ധതിയിൽ തുക നീക്കിവെച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ മുട്ടക്കോഴി വിതരണം, കറവപ്പശു വിതരണം, കറവയന്ത്രം, പോത്ത്കുട്ടി വിതരണം എന്നിവ പുതിയ പദ്ധതിയാണ്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്, ഫർണിച്ചർ, തോണി വല വിതരണം പദ്ധതികൾക്കും തുക നീക്കിവെക്കുന്നു.

## സേവന മേഖല

അനിവാര്യ ചുമതലയുള്ള നീക്കിവെക്കലുകളും ഉത്പാദന മേഖലയിലെ നീക്കിയിരിപ്പും കഴിഞ്ഞ് ബാക്കി വരുന്ന മുഴുവൻ തുകയും സേവന മേഖലക്കായി ഈ ബജറ്റിലൂടെ നീക്കിവെക്കുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിലെ രണ്ട് എഫ്.എച്ച്.സികൾ, സബ്സെന്ററുകൾ എന്നിവയും മാടക്കാൽ ആയുർവേദ ആശുപത്രി, കന്നുവീട് കടപ്പുറം ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലേക്കുള്ള മരുന്ന് വാങ്ങൽ, അറ്റകുറ്റപ്പണികൾ ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വലിയ പദ്ധതിയായ പാലിയേറ്റീവ് കെയർ എന്നിവയ്ക്കും വേണ്ടുന്ന തുക ഈ ബജറ്റിൽ നീക്കിവെക്കുന്നു.

ആരോഗ്യമുള്ള വിദ്യാസമ്പന്നരായ ഒരു സമൂഹത്തെ വാർത്തെടുക്കുക എന്നതാണ് നമ്മുടെ പ്രധാന ലക്ഷ്യം. എസ്.എസ്.കെ വിഹിതം അടക്കൽ, പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുകയും നൂതനമായ വിദ്യാഭ്യാസ രീതി നടപ്പിലാക്കുവാനുമുള്ള പദ്ധതികൾക്കുള്ള തുക ഈ ബജറ്റിൽ നീക്കിവെക്കുന്നു. തുടർ സാക്ഷരത, ഗുഡ് ഇംഗ്ലീഷ് വിദ്യാലയങ്ങളുടെ ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾക്കും ഈ ബജറ്റിൽ തുക നീക്കി വെക്കുന്നു.

അംഗൻവാടി പൂരക പോഷകാഹാര വിതരണം, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷി എന്നീ വിഭാഗങ്ങളുടെ ഉന്നതിക്ക് വേണ്ടുന്ന പദ്ധതികൾക്കുള്ള തുക കൂടി ഈ ബജറ്റിൽ തുക വകയിരുത്തുന്നു.

ലൈഫ് ഭവന നിർമ്മാണ പദ്ധതി, അഗതി ആശ്രയ പദ്ധതി, ഭവന റിപ്പയർ, പട്ടികജാതി വിഭാഗങ്ങൾക്കുള്ള സമഗ്ര വികസന പദ്ധതിയും ഈ ബജറ്റിൽ തുക വകയിരുത്തുന്നു.

## പൊതുമരാമത്ത്

കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി വികസന ഫണ്ടിൽ നിന്നും റോഡുകൾക്കായി തുക നീക്കിവെക്കുവാനായി നിലവിലില്ല. അനിവാര്യ ചുമതലകൾക്കുള്ള നീക്കിവെക്കലുകൾ കഴിച്ച് ബാക്കി ഉത്പാദന മേഖല, സേവന മേഖല എന്നിവ കഴിഞ്ഞാൽ പശ്ചാത്തല മേഖലയ്ക്കായി വികസന ഫണ്ട് ബാക്കിയില്ല. ഈ മേഖലയിൽ സംസ്ഥാന ഗവൺമെന്റ് ബജറ്റ് വിഹിതമായി തന്ന റോഡിതര വിഭാഗത്തിനുള്ള 7691000 രൂപ കൈമാറി കിട്ടിയ ഘടക സ്ഥാപനങ്ങൾക്കുള്ള വിവിധ ഇനം പദ്ധതികൾക്കായി ഈ ബജറ്റിൽ തുക നീക്കിവെക്കുന്നു.

ഇത്പോലെ തന്നെ ഇന്ന് നിലവിലുള്ള ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്ട്രറിൽ ഉള്ള വിവിധ റോഡുകളുടെ അറ്റകുറ്റപ്പണി റീടാറിങ്ങ് എന്നിവയ്ക്കായി സംസ്ഥാന ഗവൺമെന്റ് റോഡ് ഇനത്തിൽ ബജറ്റിൽ അനുവദിച്ച 77,55,000 രൂപ ഇത്തരം റോഡുകളുടെ അറ്റകുറ്റ പ്രവർത്തികൾക്കും റീ ടാറിങ്ങിനുമായി ഈ ബജറ്റിൽ തുക വകയിരുത്തുന്നു.

## പുഴക്കര റോഡ്

വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ ഉത്പാദനമുള്ള തെങ്ങ് കൃഷി സ്ഥിതി ചെയ്യുന്നത് പുഴക്കരയിലാണ്. വളക്കൂറുള്ള എക്കൽ മണ്ണിൽ തെങ്ങിന് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നു. എന്നാൽ ഈ പുഴക്കരയിൽ തെങ്ങുകൾക്ക് വളം നൽകുവാനും മറ്റ് അനുബന്ധ മാർഗ്ഗങ്ങൾക്കും ഒരുവിധ സൗകര്യങ്ങളും ഇല്ല. ഇതുവഴിയുള്ള യാത്രകൾ ക്ലേശകരമാണ്. അത്കൊണ്ട് തന്നെ ഈ ഭരണസമിതിയുടെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് പുഴക്കര റോഡ്. വലിയപറമ്പ മുതൽ പടന്ന കടപ്പുറം നിലവിലുള്ള റോഡ് വരെയും പടന്ന കടപ്പുറത്ത് നിന്ന് വടക്കോട്ട് മാവിലാകടപ്പുറം വരെയും ഉള്ള റോഡ് ഗ്രാമപഞ്ചായത്തിന് മാത്രം പൂർത്തീകരിക്കുവാൻ സാധിക്കില്ല. കേന്ദ്ര–സംസ്ഥാന ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ ബഹു: എം.പി, എം.എൽ.എ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നവരിൽ നിന്നുമുള്ള സഹായത്തോടുകൂടി നമുക്ക് ഈ റോഡ് പൂർത്തീകരിക്കണം. സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതി മാർഗ്ഗ നിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്ട്രറിൽ ഇല്ലാത്ത

റോഡുകൾക്ക് വികസന ഫണ്ട് നീക്കിവെക്കുവാൻ സാധിക്കില്ല.

ഇതിന്റെ ആദ്യ പ്രവർത്തനം എന്ന നിലയിൽ ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ഈ റോഡിനായി ഒരു വികസന കമ്മിറ്റി ഉണ്ടാക്കുകയും, കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇതിന്റെ ആദ്യ പ്രവർത്തനം എന്ന നിലയിൽ സ്ഥലം അനുവദിച്ച് കൊണ്ടുള്ള സമ്മതപത്രം വാങ്ങുകയും തെങ്ങുകൾ മുറിച്ചുമാറ്റി റോഡ് അളന്ന് തിട്ടപ്പെടുത്തുകയും ചെയ്യുന്നു. ഇതിനായി 16-ാം ധനകാര്യ കമ്മീഷൻ തുകയിൽ നിന്നും പത്ത് ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## സ്ട്രീറ്റ് ടൂറിസം പദ്ധതി

ടൂറിസം മേഖലയിൽ വലിയപറമ്പ ഗ്രാമപഞ്ചായത്തിന് അനന്ത സാധ്യതകളാണുള്ളത്. നീണ്ടുകിടക്കുന്ന കടൽ തീരവും, കായലും കൂടി സംയോജിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ ധാരാളം വിനോദസഞ്ചാരികൾ കടന്നുവരുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് 10 ഹോട്ട്സ്പോട്ടുകളിൽ ഒന്നായി വലിയപറമ്പ ഗ്രാമ പഞ്ചായത്തിനെ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ മേഖലയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഭവനനിർമ്മാണത്തിന് CRZ ഇളവ് പ്രഖ്യാപിച്ചെങ്കിലും വ്യാവസായിക ടൂറിസം മേഖലയിൽ ഇളവ് ബാധകമാക്കിയിട്ടില്ല. നമ്മുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ഇത് നേടിയെടുക്കണം. വനിതാ ഘടക പദ്ധതിയിൽ 2024-25, 2025-26 വർഷം ഇത്തരം മേഖലയിലേക്ക് നീക്കി വെച്ച് 20 ലക്ഷത്തിലധികം രൂപ ചിലവഴിക്കാതെ കിടക്കുന്നു. വേണ്ടുന്ന രീതിയിലുള്ള പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭിക്കാത്തത് കൊണ്ടാണ് ഈ രംഗത്തേക്ക് പുതിയ സംരംഭകർ കടന്നുവരാത്തത്. ഒരിയര പുളിമൂട്ട് മുതൽ തെക്കോട്ട് 6 കേന്ദ്രങ്ങളിലായി തൃക്കരിപ്പൂർ കടപ്പുറം വരെ ചെറു സംരംഭങ്ങൾ തുടങ്ങുവാനായി വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആറര ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന തെങ്ങ് കൃഷിയിൽ നിന്നും വിവിധ ഇനം സംസ്ക്കരണ യൂനിറ്റുകൾ ഇന്ന് നിലവിലുണ്ട്. കൊപ്ര, വെളിച്ചെണ്ണ, തേങ്ങാപ്പാൽ, തേങ്ങാപ്പൊടി, തെങ്ങിന്റെ ഓലമെടലുകൾ, ചകിരി എന്നിവ സംസ്ക്കരിച്ച് പൊടിച്ച് ജൈവവളം എന്നിവ ധാരാളമായി ഉത്പാദിപ്പിക്കുന്നുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നമ്മുടെ പേരിൽ തന്നെ വലിയപറമ്പിന്റേത് മാത്രമായി അറിയപ്പെടുന്ന ഒരു ചെറുകിട വ്യവസായ

കേന്ദ്രം ആരംഭിക്കുന്നതിനായി വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നാലര ലക്ഷം രൂപ ഈ ബജറ്റിൽ ഉൾപ്പെടുത്തുന്നു.

## തൊഴിലുറപ്പ് പദ്ധതി

കഴിഞ്ഞകാലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ നമുക്ക് വലിയ നേട്ടം തന്നെ ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പുതുതായി ഇറക്കിയ മാർഗ്ഗരേഖയിൽ തൊഴിൽദിനം കണ്ടെത്തുവാൻ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾ മാത്രമെ നമുക്ക് ഏറ്റെടുക്കുവാൻ സാധിക്കുന്നുള്ളൂ. ആവർത്തന സ്വഭാവമുള്ള പദ്ധതികൾക്ക് അനുമതി ലഭിക്കുന്നില്ല. ഗഹനമായ പഠനം നടത്തി നൂതനമായ തൊഴിൽ മേഖലകൾ കണ്ടെത്തി ഗ്രാമപഞ്ചായത്തിലെ തൊഴിലാലികൾക്ക് തൊഴിൽ നൽകുവാൻ നമുക്ക് സാധിക്കണം.

കേന്ദ്ര ഗവൺമെന്റ് നൽകുന്ന വിവിധ ഗ്രാന്റുകൾ നമുക്ക് ലഭ്യമായിട്ടില്ല. ശുചിത്വം, കുടിവെള്ള പദ്ധതികൾക്കായി നൽകുന്ന ടൈഡ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ കൂടി ലഭിക്കാനുണ്ട്. ഈ ഗ്രാന്റ് ഉപയോഗിച്ച് കഴിഞ്ഞ രണ്ട് വർഷം നടപ്പിലാക്കുവാൻ അപേക്ഷ ക്ഷണിച്ചു. സെപ്റ്റിക് ടാങ്ക് നിർമ്മാണം, വാട്ടർ പ്യൂരിഫെയർ എന്നിവയ്ക്ക് ഇതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല. സെപ്റ്റിക് ടാങ്ക് തിരുവനന്തപുരം കോ-ഓർഡിനേഷൻ കമ്മിറ്റിയിലും വാട്ടർ പ്യൂരിഫെയർ കഴിഞ്ഞവർഷം ഡി.പിസി നിരസിച്ച പദ്ധതി വീണ്ടും നൂതന പദ്ധതിക്കായി പരിഗണിക്കുവാനും നൽകിയിരിക്കുകയാണ്. രണ്ടും അനുമതി ലഭിക്കും എന്ന വിശ്വാസത്തിൽ ഈ ബജറ്റിൽ ഇതിനും തുക നീക്കി വെക്കുന്നു.

# ഉപസംഹാരം

വിഭവ ശ്രോതസ്സിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്ത് ആണെങ്കിലും ആകാശ ഉയരത്തിലുള്ള ആവശ്യങ്ങളും നിർദ്ദേശങ്ങളും എന്നാൽ കൈപ്പിടിയിൽ മാത്രം ഒതുങ്ങുന്ന വിഭവങ്ങളുമാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലുള്ളത്. ദീർഘവീക്ഷണത്തോടുകൂടിയുള്ള കാഴ്ചപ്പാടിലൂടെ അനുവദനീയമായ ഫണ്ട് ഉപയോഗിച്ച് അധികാര വികേന്ദ്രീകരണം താഴെത്തട്ടിൽ എത്തിച്ച് അർഹതപ്പെട്ട കൈകളിൽ തന്നെ ഇത് എത്തിക്കുവാൻ സാധിക്കണം. കഴിഞ്ഞ കാലങ്ങളിലെ പോലെ തന്നെ കൂട്ടായ പ്രവർത്തനത്തിലൂടെ ഇത് നേടിയെടുക്കുവാൻ നമുക്ക് സാധിക്കണം.

ഈ ബജറ്റിന് വേണ്ടുന്ന ഉപദേശ നിർദ്ദേശങ്ങൾ നൽകിയ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം.ടി. ബുഷ്റ ഭരണസമിതി അംഗങ്ങൾ, കുടുംബ ജീവിതത്തിലെ എല്ലാ പ്രയാസങ്ങളും മാറ്റിവെച്ച് ജോലി സമയം കഴിഞ്ഞും ഇതിന് വേണ്ടി മാത്രം അധികസമയം ചെലവഴിച്ച് ജോലി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് ജീവനക്കാർ, എല്ലാ കാര്യങ്ങളിലും നമ്മോടൊപ്പം കൂടെ നിൽക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്മാർ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിങ്ങ് ഗ്രൂപ്പ് മെമ്പർമാർ, കുടുംബശ്രീ പ്രവർത്തകർ, കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർ, അംഗൻവാടി വർക്കർ, ഹെൽപ്പർമാർ, ആശ പ്രവർത്തകർ, ഹരിതകർമ്മ സേനാ അംഗങ്ങൾ, മറ്റ് രാഷ്ട്രീയ-സാമൂഹ്യ മേഖലകളിൽ പ്രവർത്തിക്കുന്നവർ എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ 2026-27 വാർഷിക പദ്ധതിയും അനുബന്ധ പ്രവർത്തനങ്ങളും നമുക്ക് നടത്തുവാൻ സാധിക്കും എന്ന ഉത്തമ വിശ്വാസത്തിൽ നന്ദിയോടുകൂടി ഈ ബജറ്റ് അംഗീകാരത്തിനായി നിങ്ങൾക്ക് മുമ്പാകെ ഞാൻ സമർപ്പിക്കുന്നു.

**എന്ന്**

**പി.പി. മനോജ്**

**വൈസ് പ്രസിഡണ്ട്, വലിയപറമ്പ ഗ്രാമപഞ്ചായത്ത്**